**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2668** **13-10-2021 - ൽ മറുപടിയ്ക്ക്**

**കൽപ്പറ്റ മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ള ഭൂരഹിതരായ കുടുംബങ്ങൾക്ക് ഭൂമി അനുവദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കൽപ്പറ്റ മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതരായ എത്ര കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പ്രസ്തുത നിയോജകമണ്ഡലത്തിൽ ഭൂരഹിതരായ 189 പട്ടികജാതി കുടുംബങ്ങളും 905 പട്ടികവർഗ്ഗ കുടുംബങ്ങളുമുണ്ട്. |
| (ബി) | പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് പട്ടയമേളയിലൂടെ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ഭൂരഹിതരായ പട്ടിക വർഗക്കാർക്ക് വനാവകാശ നിയമം, നിക്ഷിപ്ത വനഭൂമി വിതരണം, ലാൻഡ് ബാങ്ക് പദ്ധതി, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലൂടെ ഭൂമി കണ്ടെത്തി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട് . കൂടാതെ ലൈഫ് മിഷൻ മുഖേനയും അർഹരായ പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങൾക്ക് ഭൂമി അനുവദിച്ചു നൽകുന്നുണ്ട് . എന്നാൽ വകുപ്പ് മുഖാന്തിരം പട്ടയമേള നടത്തുന്നില്ല. |

സെക്ഷൻ ഓഫീസർ